# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ക്ലാർക്ക് കുമാരി നീതു ജി നളിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നമ്പർ.1916/2016/തസ്വഭവ — തിരുവനന്തപുരം, തീയതി 14/6/2016

---

പരാമർശം: 1) കുമാരി നീതു ജി നളിന്റെ 02.05.2016 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 09.05.2016 ലെ ഇ 6-14812/16 നമ്പർ കത്ത്

## ഉത്തരവ്

തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ക്ലാർക്ക് കുമാരി നീതു ജി നളിന് തിരുവനന്തപുരം ഗവ: വിമൻസ് കോളേജിൽ എം.എസ്.സി കോഴ്സ് പൂർത്തിയാക്കുന്നതിലേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു

2. കുമാരി നീതു ജി നളിൻ ആശ്രിത നിയമന പദ്ധതി പ്രകാരം 27.04.2016 ൽ സൂപ്പർന്യൂമററി ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് തിരുവനന്തപുരം ഗവ വിമൻസ് കോളേജിൽ എം.എസ്.സി കോഴ്സ് പൂർത്തിയാക്കുന്നതിലേക്കായി 18.05.2016 മുതൽ 30.09.2017 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. തിരുവനന്തപുരം ഗവ: വിമൻസ് കോളേജ് പ്രിൻസിപ്പൽ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ പേരിൽ വിജിലൻസ് കേസോ വകുപ്പ് തല അച്ചടക്കനടപടിയോ ഇല്ല എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ ക്ലാർക്ക് കുമാരി നീതു ജി നളിന് തിരുവനന്തപുരം ഗവ വിമൻസ് കോളേജിൽ എം.എസ്.സി കോഴ്സ് പൂർത്തിയാക്കുന്നതിലേക്ക് 18.05.2016 മുതൽ 30.09.2017 വരെ കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായും ഇപ്രകാരം ഉണ്ടാകുന്ന ഒഴിവ് നികത്താൻ പാടുള്ളതല്ല എന്ന നിബന്ധനയിലും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി എസ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
കുമാരി നീതു ജി നളിൻ, ക്ലാർക്ക്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, തിരുവനന്തപുരം ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് ( 28.05.2016 ലെ 236387/ആർബി2/16/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/103/16/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ